Facilities for Undergraduate Teachers in the University Library

* 1702. [18] **Shri K. Hassan Gani**: Will the Minister for Education be pleased to state:

(a) whether it is a fact that undergraduate teachers are not eligible to avail themselves of the facilities of the University Library in Trivandrum; and

(b) if so, whether Government have any proposal to provide facilities to them as in the case of graduates?

Minister for Education (**Shri Joseph Mundassery**):

(a) Undergraduate teachers are given all facilities to take books and periodicals in the University Library for reference purposes; but they are not permitted to take library books. According to rules only graduates are allowed to become members. Undergraduate staff in the colleges are also permitted to become members on the recommendation of the Principals of the College.

(b) No.

പ്രീയൂണിവേഴ്സിറ്റി അഡ്മിഷൻ

* 1703. [19] ശ്രീ. കെ. അവുക്കാദർകുട്ടി നഹ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1959 മാർച്ചിൽ ഇലക്ഷൻ സിസ്റ്റം അനുസരിച്ച് എസ്. എസ്. എൽ. സി. പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് കോളേജിൽ പ്രീയൂണിവേഴ്സിറ്റിക്ക് പഠിക്കത്തക്കവിധത്തിൽ പി. യു. സ്കീമിൽ വേണ്ട മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ;

(ബി) ഹ്യൂമാനിറ്റീസ് എടുത്തുകൂട്ടികൾക്ക് പ്രീയൂണിവേഴ്സിറ്റിയിൽ നിർബ്ബന്ധമായ മാത്തമാറ്റിക്സുപോലുള്ള വിഷയങ്ങൾ പഠിക്കുവാൻ വിഷമമായുകയില്ലേ;

(സി) ഇതിനു യൂണിവേഴ്സിറ്റിയുമായി ആലോചിച്ച് 12-ാം സ്റ്റാൻഡാർഡ് തുടങ്ങുകയോ മറ്റു പരിഹാരങ്ങൾ ഉണ്ടാക്കുകയോ അടിയന്തിരമായി ചെയ്യുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ഇല്ല. പ്രീയൂണിവേഴ്സിറ്റി കോഴ്സിന്റെ ഇപ്പോഴത്തെ സിലബസ്സ് ഇലക്ഷൻ സബ്ജക്ട്സ് എടുത്തോ, എടുക്കാതെയോ പാസ്സാകുന്ന എല്ലാ വിദ്യാർത്ഥികളെയും ഉദ്ദേശിച്ചിട്ടുള്ളതാണ്.

(ബി) പ്രീയൂണിവേഴ്സിറ്റി ക്ലാസിലെ മാത്തമാറ്റിക്സ് എസ്. എസ്. എൽ. സി. ക്ലാസിൽ നിർബ്ബന്ധമായി പഠിപ്പിക്കുന്ന ജനറൽ മാത്തമാറ്റിക്സിന്റെ ഒരു തുടർച്ചയായതുകൊണ്ട് ഏതൊരു സാമാന്യവിദ്യാർത്ഥിക്കും പ്രീയൂണിവേഴ്സിറ്റി ക്ലാസിലെ മാത്തമാറ്റിക്സ് പഠിക്കുവാൻ ബുദ്ധിമുട്ടുണ്ടാവുകയില്ല.

(സി) മേൽ പ്രസ്താവിച്ചതിൽനിന്നും അടിയന്തിരമായി യാതൊന്നും ചെയ്യേണ്ടതുണ്ടെന്നു ഗവണ്മെന്റിനു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : എസ്. എസ്. എൽ. സി. ക്ലാസിൽ ഹിസ്റ്ററിയും, എക്കണാമിക്സും മെയിനായി എടുത്തു പഠിച്ച കുട്ടികൾക്ക് പ്രീയൂണിവേഴ്സിറ്റി ക്ലാസിൽ വരുമ്പോൾ മാത്തമാറ്റിക്സ് കമ്പൽസറി ആയി പഠിക്കേണ്ടതുള്ളതുകൊണ്ട് വളരെ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. അതുകൊണ്ട് അതുപരിഹരിക്കുവാൻ പുതിയ ഒരു ക്ലാസ്സ് തുറക്കുകയോ, അല്ലാത്തപക്ഷം അതു കൂടി കോഅർഡിനേറ്റ് ചെയ്യത്തക്കവണ്ണം പുതിയ സിലബസ്സ് അംഗീകരിക്കുകയോ, ചെയ്യുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇതിനെപ്പറ്റി മുമ്പ് അന്വേഷിച്ചിട്ടുണ്ട്. അതിൽ പ്രത്യേകിച്ച് വൈഷമ്യം ഉണ്ടോ എന്ന നിശ്ചയമില്ല. ഏതായാലും അവയെപ്പറ്റി അന്വേഷിക്കാം.

ശ്രീ. മൊയ്തീൻകുട്ടി ഹാജി : ഇത്തരത്തിൽ പാസായ വിദ്യാർത്ഥികൾക്കെല്ലാവർക്കും പ്രീയൂണിവേഴ്സിറ്റിയുടെ മാത്തമാറ്റിക്സ് ഫാക്കൽറ്റി ചെയ്യാൻ സാധ്യമല്ലെന്ന് ഗവണ്മെൻറ് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇലക്ഷൻറീവ് സബ്ജക്റ്റ് കുറെക്കാലമായി വച്ചിട്ടുണ്ട്. ജനറൽ മാത്തമാറ്റിക്സ് എന്നു പറയുന്നതു പ്രത്യേകിച്ചൊരു വിഷയമല്ല. ഏതു കുട്ടികളും അതു് അറിഞ്ഞിരിക്കേണ്ടതാണ്. അതുകൊണ്ട് അതിൽ പ്രത്യേകിച്ച് ബുദ്ധിമുട്ടുണ്ടാകുമെന്നു തോന്നുന്നില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ : മദ്രാസിൽ ഇങ്ങനെ ഇലക്ഷൻറീവ് സബ്ജക്റ്റ്സ് എസ്. എസ്. എൽ. സി. ക്ലാസിൽ നിർബ്ബന്ധമായി വച്ചിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇലക്ഷൻറീവ് സബ്ജക്റ്റായിട്ട് വച്ചിട്ടില്ല. എന്നാൽ ചില സബ്ജക്റ്റുകൾക്കു കൂടുതൽ എംഫെസിസ് കൊടുത്തിട്ടുണ്ട്.

എക്സൈസ് ഡിപ്പാർട്ടുമെൻറിലെ വരുമാനം.

* 1704. [20] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യത്തിനു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1958-59 വർഷത്തിൽ എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ഡിസ്ട്രിക്റ്റ് അടിസ്ഥാനത്തിലും, സ്റ്റേറ്റിനു് മൊത്തത്തിലും ഉണ്ടായിട്ടുള്ള വരുമാനമെത്ര ?

റവന്യൂവകുപ്പു മന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : 1958-59 വർഷത്തിൽ എക്സൈസ് ഡിപ്പാർട്ടുമെൻറിൻറെ സെൻട്രൽ ഇനത്തിൽ മൊത്തവരുമാനം 1,66,38,960 രൂപയാണ്. ഇതിൽ വൃക്ഷക്കരം, ഡ്യൂട്ടി ഓൺ ടോഡി, ഫീസ്, ലൈസൻസ് ഫീസ് എന്നിവ ഉൾപ്പെടുന്നില്ല. ഇവയും ഡിസ്ട്രിക്റ്റ് അടിസ്ഥാനത്തിലുള്ള വരുമാനത്തിൻറെ വിവരങ്ങളും ശേഖരിച്ചുവരികയാണ്.

ശ്രീ. സി. എ. മാത്യു : കോട്ടയം, എറണാകുളം എന്നീ ഡിസ്ട്രിക്റ്റുകളിൽ ഭാഗികമായിട്ടുപോലും മദ്യനിരോധനം ഏർപ്പെടുത്താതിരിക്കുന്നതിൻറെ കാരണമെന്താണ് ?

ശ്രീമതി കെ. ആർ. ഗൗരി : എറണാകുളത്തു് ഫോർട്ട് കൊച്ചിയിൽ മദ്യനിരോധനം ഉണ്ട്. ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ഒരിടത്തും മദ്യനിരോധനം ഏർപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് ഈ വിഷയത്തിൽ ഒരു വിവേചനവും കാണിച്ചിട്ടില്ല. കോട്ടയം എറണാകുളം ഡിസ്ട്രിക്റ്റ് State ൻറെ ഭാഗമായതുകൊണ്ട് അവിടെയും ഏർപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly